(Pages : 4)

**S – 7397**

**Reg. No. : ..............................**

**Name : ..................................**

**Fifth Semester B.A. Degree Examination, February 2024**

**First Degree Programme under CBCSS**

**Double Main Programme**

**English and Malayalam Literature**

**Core Course X**

**EML 1542 : ചെറുകഥാപഠനം**

**(2020 Admission Onwards)**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ ലഘുവാക്യങ്ങളിലോ ഉത്തരമെഴുതുക.

1. 'എന്റെ കഥ' ആരുടെ കൃതിയാണ്?

2. 'ഭൂമിയുടെ അവകാശികൾ' ആരുടെ കഥയാണ്?

3. പാപത്തറ എന്ന കൃതിക്ക് അവതാരിക എഴുതിയത് ആര്?

4. 'ഒരു മുതല നായാട്ട്' എന്ന കൃതി രചിച്ചതാര്?

5. വാസനാവികൃതി ആദ്യമായി പ്രസിദ്ധീകരിച്ചത് ഏതു മാസികയിലാണ്?

6. കേസരി എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന മലയാള ചെറുകഥാകൃത്ത് ആര്?

P.T.O.

7. കെ.പി. ഉമ്മർ എന്ന പേരിൽ കഥ എഴുതിയതാര്?

8. ഈസോപ്പ് കഥകൾക്ക് സമാനമായ ഭാരതീയ കഥാരൂപം ഏത്?

9. 'നാലാം ലോകം' എന്ന കഥയിലെ കേന്ദ്രകഥാപാത്രത്തിന്റെ പേരെന്ത്?

10. കഥ, ആഖ്യാനവും അനുഭവസത്തയും എന്ന കഥാപഠന ഗ്രന്ഥം ആരുടെയാണ്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. "അവൻ ചത്തതും ഞാനൊരു സത്യമറിഞ്ഞതും ഒരുമിച്ചായിരുന്നു" അറിഞ്ഞ സത്യം എന്ത്?

12. "എന്നെ വിടു! അവന്റെ കുടൽ പിളർക്കട്ടെ! എന്നിട്ടു ഞാൻ മരിച്ചുകൊള്ളാം" ആരാണ് ഇങ്ങനെ ആക്രോശിക്കുന്നത്? സാഹചര്യമെന്ത്?

13. നളിനി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുക.

14. ഐതിഹ്യങ്ങളുടെ പ്രത്യേകതകൾ ഏവ?

15. "കറുത്ത ഹാസ്യം" എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത്?

16. "ഈസോപ്പുകഥ"കളുടെ സവിശേഷതകൾ എന്തെല്ലാം?

17. "പക്ഷിത്തൂവലുകളുടെ മണമാണ് മരണത്തിന് - നിനക്കത് അറിയാറാവും അടുത്തുതന്നെ" - വക്താവാര്? സന്ദർഭമേത്?

18. നാലാം ലോകം എന്ന കഥയിലെ സൂക്ഷ്മരാഷ്ട്രീയം വിവരിക്കുക.

19. 'ഗവണ്മെന്റ് ടൈഗറാണ്' - എന്ന പ്രയോഗത്തിന്റെ മൂർച്ച എത്രത്തോളമുണ്ട്?

20. “എല്ലാ കഥയിലും ദുഷ്ടൻ പരാജയപ്പെടുന്നത് കാണുമ്പോൾ ഒരു ആശ്വാസമാണ്” - സൂചന യെന്ത്?

21. “ദൈവവിളി” മുന്നോട്ട് വെയ്ക്കുന്ന സ്ത്രീപക്ഷ ചിന്തകൾ ഏവ?

22. മുരുകൻ എന്ന കഥയിലെ ആധുനികതാസ്വഭാവം വിശദമാക്കുക.

**(8 × 2 = 16 Marks)**

III. **ഒന്നര**പ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. പഞ്ചതന്ത്രം കഥയും ഈസോപ്പ് കഥകളും താരതമ്യം ചെയ്യുക.

24. സി. അയ്യപ്പന്റെ രചനാശൈലി വിവരിക്കുക.

25. കാരൂർ കഥകളിലെ മനഃശാസ്ത്രതലം വിവരിക്കുക.

26. നാലാം ലോകം എന്ന പേര് ആ കഥയ്ക്ക് എത്രമാത്രം അനുയോജ്യമാണ് എന്ന് പരിശോധിക്കുക.

27. ‘മഖൻസിങ് ’ - കഥാപാത്ര നിരൂപണം തയ്യാറാക്കുക.

28. ‘സമകാലിക സംഭവങ്ങളോട് കലഹിക്കുന്നവയാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകൾ’ - പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

29. ‘ജയിൽവാസം കുറ്റവാളികളിലെ കുറ്റവാസന കൂട്ടുകയേയുള്ളൂ’ എന്ന് ബഷീർ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?

30. വി.പി. ശിവകുമാറിന്റെ കഥകളിൽ കാണുന്ന ‘ബോർഹസീ’ന്റെ സ്വാധീനത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

31. ഏതു ബഹളങ്ങൾക്കിടയിലും ഒറ്റപ്പെട്ടു പോകുന്ന മനുഷ്യജീവിതത്തിന്റെ നിസ്സഹായത ‘പ്രഭാതം മുതൽ പ്രഭാതം വരെ’ എന്ന കഥയെ മുൻനിർത്തി വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

32. മലയാള ചെറുകഥയുടെ ആഖ്യാനതലത്തിൽ വന്ന പരിണാമങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

33. ദളിത് ജീവിതാവിഷ്ക്കാരം സി. അയ്യപ്പന്റെ 'പ്രേതഭാഷണം' എന്ന കഥയെ മുൻനിർത്തി വിവരിക്കുക.

34. സമകാലിക കഥകളിൽ പ്രകടമാകുന്ന സാമൂഹികജീവിതങ്ങളും, വ്യക്തികളുടെ ആത്മ സംഘർഷങ്ങളും പാഠഭാഗങ്ങളെ മുൻനിർത്തി വിവരിക്കുക.

35. മലയാള ചെറുകഥയുടെ ആഖ്യാനതലത്തിൽ വന്ന പരിണാമങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

**(2 × 15 = 30 Marks)**